**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട

ചോദ്യം നംപർ. 589 10.07.2012 ൽ മറുപടിയ്ക്ക്

**സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി**

**ചോദ്യം** **ഉത്തരം**

ശ്രീ. പി. സി. വിഷ്ണുനാഥ്
,, എം.എ. വാഹീദ്
,, എം. പി. വിൻസെന്റ്
,, വി. പി. സജീന്ദ്രൻ

**ഡോ. എം.കെ. മുനീർ**
**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ | സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി കാര്യക്ഷമമാകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ | സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പെൻഷൻ തുക അതാത് മാസം തന്നെ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 2013 ഏപ്രിൽ മുതൽ യു.ഐ.ഡി. അടിസ്ഥാനമാക്കി പെൻഷനുകൾ ബാങ്ക് അക്കൗണ്ട് വഴി വിതരണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br><br>അർഹരായ എല്ലാവർക്കും പെൻഷൻ ലഭിക്കുന്നതിനായി ആൺ മക്കളുള്ളവർക്കും വാർദ്ധക്യകാല/ വിധവാ പെൻഷൻ ലഭിക്കുന്നതിന് തടസ്സമില്ലെന്ന കാര്യം വീണ്ടും ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. വിധവാ പെൻഷൻ അനുവദിക്കുന്ന കാര്യത്തിൽ, പുനർ വിവാഹം നടന്നിട്ടില്ലെന്ന സർട്ടിഫിക്കറ്റ് നിർബന്ധമില്ലെന്നും പകരം അപേക്ഷക പുനർ വിവാഹിതയല്ലെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകുമെന്നും നിർദ്ദേശി ച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളിൽ അവബോധം സൃഷ്ടിച്ച് അർഹരായവരെയെല്ലാം പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കുടുംബശ്രീ, അയൽ കൂട്ടങ്ങൾ വഴി പെൻഷൻ പദ്ധതി സംബന്ധിച്ച വ്യാപകമായ പ്രചാരണം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| ബി | പ്രസ്തുത പെൻഷന് അർഹരായവരെ കണ്ടെത്തുന്നത് ആരാണ്; വിശദമാക്കുമോ; | ബി | ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പെൻഷന് അർഹരായവരെ കണ്ടെത്തുന്നത്.<br>വിവിധ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയിൽ അപേക്ഷകന്റെ അർഹത സംബന്ധിക്കുന്ന റിപ്പോർട്ട് (വരുമാന സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ) ഗ്രാമതലത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും നഗര പ്രദേശങ്ങളിൽ നഗരസഭ സെക്രട്ടറി ചുമതലപ്പെടുത്തുന്ന റവന്യൂ ഇൻസ്പെക്ടർമാരും അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതും പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിച്ച് തീരുമാനമെടുക്കേണ്ടതുമാണ്. |
| സി | അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ എന്താണ്; | സി | 65 വയസ്സിനുമേൽ പ്രായമുള്ള ബി.പി.എൽ കുടുംബങ്ങൾക്കാണ് വാർദ്ധക്യകാല പെൻഷന് അർഹതയുള്ളത്. അഗതി (വിധവ) പെൻഷൻ, വികലാംഗ പെൻഷൻ , 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയ്ക്ക് ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം ഗ്രാമ പ്രദേശങ്ങളിൽ 20,000 രൂപയിലും നഗര പ്രദേശങ്ങളിൽ 22,375 രൂപയിലും കവിയാൻ പാടുള്ളതല്ല. ഈ പെൻഷനുകളുടെ മറ്റ് മാനദണ്ഡങ്ങൾ ഇനിപ്പറയുന്നവയാണ്.<br><br>**വികലാംഗ പെൻഷൻ:** 40 ശതമാനത്തിലധികം അസ്ഥി വൈകല്യമുള്ളവർക്കും അന്ധർ, ബധിരർ, ബുദ്ധിമാന്ദ്യമുള്ളവർ എന്നിവർക്കും അർഹതയുണ്ട് |

| | | | |
|---|---|---|---|
| | | | **അഗതി(വിധവ) പെൻഷൻ** : മരണം മൂലമോ വിവാഹബന്ധം വേർപ്പെടുത്തുന്നതിലൂടെയോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവർക്കും അർഹതയുണ്ട്.<br><br>50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. |
| ഡി | പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്യുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | ഡി | ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2012 ഏപ്രിൽ മാസം വരെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. മേയ്, ജൂൺ മാസത്തേയ്ക്ക് പെൻഷൻ വിതരണത്തിനായി തുക ജില്ലാ കളകടർമാർക്ക് കൈമാറിയിട്ടുണ്ട്. |

R. Vijayesh

സെക്ഷൻ ഓഫീസർ